കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുലിയൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.12-1495/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ ജില്ല
തീയതി.04.12.2018
ഫോൺ: 0477-2252753
ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുലിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുലിയൂർ ഗ്രാമപഞ്ചായത്ത് - 2017 – 18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ-എ.എൽ.പി-പി.12/1495/2018 തീയതി:04.12.2018

# ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/04/2017 മുതൽ 30/09/2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 03/10/2018 മുതൽ 09/10/2018 വരെ | ശ്രീമതി.പി.കെ.വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.ചന്ദ്രശേഖരൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശ്രീകാന്ത്.സി.എസ്, സിനീയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ഷീബ.എം, സിനീയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുനിൽകുമാർ.ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.റ്റി.റ്റി.ഷൈലജ | 01.04.2017മുതൽ 31.03.2018വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി.വൽസലകുമാരിയമ്മ | 01.04.2017 മുതൽ 30.4.2017 വരെ |
| 2 | ശ്രീ.അൻവർ റഹ്മാൻ | 01.05.2017 മുതൽ 04.06.2017 വരെ |
| 3 | ശ്രീമതി.ആർ.ശ്രീല | 05.06.2017 മുതൽ 31.03.2018 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ചിത്ര. കെ.ആർ | 01/04/2017മുതൽ 10/06/2017വരെ |
| | | ശ്രീമതി.അജ്മി.എച്ച് | 11/06/2017 മുതൽ 02/08/2017 വരെ |
| | | ശ്രീമതി.മഞ്ജൂഷ.എൻ.എസ് | 03/08/2017 മുതൽ 31/03/2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ശ്രീകല | 01/04/2017മുതൽ 11/06/2017വരെ |
| | | ഡോ.അമ്പിളി തങ്കപ്പൻ | 12/06/2017മുതൽ 31/03/2018 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സജിനി റൗഫ് | 01/04/2017മുതൽ 22/8/2017 വരെ |
| | | ശ്രീമതി.നസീമ | 23/08/2017 മുതൽ 17/12/2017വരെ |
| | | ശ്രീമതി.അജി സുജാതൻ | 18/12/2017 മുതൽ 31/03/2018 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.അംജിത്കുട്ടി | 01/04/2017 മുതൽ 17/12/2017 വരെ |

| | | | |
|---|---|---|---|
| | | ഡോ.പി.ബി.പ്രദീപ്കുമാർ | 18/12/2017 മുതൽ<br>31/03/2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.രാജേഷ്.വി.ആർ | 01/04/2017മുതൽ<br>31/03/2018 വരെ |
| | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ലേഖ.വി | 01.04.2017 മുതൽ<br>31/03/2018 വരെ |
| 6 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | ശ്രീ.സജി കുമാർ.വി.ജി | 01/04/2017മുതൽ<br>28/07/2017വരെ |
| | | ശ്രീ.എ.സി.ലീല | 29/07/2017 മുതൽ<br>31/03/2018 വരെ |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അൻവർ റഹ്മാൻ | 01/04/2017 മുതൽ<br>19/07/2017 വരെ |
| | | ശ്രീമതി.ബിന്ദു.എസ് | 20/09/2017 മുതൽ<br>31/03/2018 വരെ |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അനിൽ കുമാർ | 01/04/2017മുതൽ<br>30/06/2017വരെ |
| | | ശ്രീമതി.മഞ്ജു ജോർജ്ജ് | 01/07/2017 മുതൽ<br>31/03/2018 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. അരുൺ പ്രതാപ് | 01/04/2017 മുതൽ<br>08/10/2017 വരെ |
| | | ശ്രീമതി.അമിതാമൾ.പി | 09/10/2017 മുതൽ<br>31/03/2018 വരെ |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ബിന്ദുദേവി | 01/04/2017 മുതൽ<br>31/3/2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| | | ഭാഗം – 1 |
| 1 | 1-1 – 1-11 | പൊതു അവലോകനം |
| | | ഭാഗം – 2 |
| 2 | 2-1 | വസ്തു നികുതി പിരിവ് ഊർജ്ജിതമല്ല – കുടിശ്ശിക ലക്ഷങ്ങൾ |
| 3 | 2-2 | ഡി & ഒ ലൈസൻസ് ഫീസും തൊഴിൽനികുതിയും ഈടാക്കിയില്ല |
| 4 | 2-3 | ഡി & ഒ ഫീസ്, ഇൻസ്റ്റിറ്റ്യൂഷൻ ടാക്സ് ഇനങ്ങളിൽ ക്രമാനുഗതമായ കുറവ് |
| 5 | 2-4 | തൊഴിൽ നികുതി, സ്ഥാപനനികുതി, ലൈസൻസ് സംബന്ധമായ അപാകതകൾ |

| | | |
|---|---|---|
| 6 | 2-5 | സ്ഥാപന നികുതി ഈടാക്കിയില്ല |
| 7 | 2-6 | വാടക സംബന്ധിച്ച് ബൈലോ പാസ്സാക്കിയിട്ടില്ല |
| 8 | 2-7 | ഓഡിറ്റ് ഇംപാക്ട് |
| ഭാഗം – 3 | | |
| 9 | 3-1 | ഇടവിള കൃഷി പ്രോത്സാഹനം - പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ |
| 10 | 3-2 | ആശ്രയാ പദ്ധതി - മുൻ വർഷങ്ങളിൽ സി.ഡി.എസിന് കൈമാറിയ 34.46 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 11 | 3-3 | പഠനമുറി - മാർഗ്ഗരേഖ നിബന്ധനകൾ പാലിച്ചില്ല |
| 12 | 3-4 | അങ്കണവാടികളുടെ സ്ഥലം നിഷ്ക്രിയാസ്തിയായി തുടരുന്നു |
| 13 | 3-5 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ വീഴ്ച; 92.36 ലക്ഷം രൂപ അടങ്കൽ ഉള്ള 22 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല |
| 14 | 3-6 | ബാന്റ് സെറ്റ് ട്രൂപ്പുകൾക്ക് ഉപകരണം വാങ്ങൽ- മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചില്ല |
| 15 | 3-7 | ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു |
| 16 | 3-8 | ക്ഷീര സംഗമം - രേഖകൾ ഹാജരാക്കിയില്ല |
| 17 | 3-9 | അസാധാരണ ചെലവുകൾക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 18 | 3-10 | ഭവന പുനരുദ്ധാരണം (ജനറൽ)- രേഖകളുടെ അഭാവത്തിൽ നൽകിയ 975000/-രൂപ തടസ്സപ്പെടുത്തുന്നു |
| 19 | 3-11 | ലൈഫ് മിഷൻ പദ്ധതി-രേഖകളുടെ അഭാവത്തിൽ അനുവദിച്ച 3,60,000/-രൂപ തടസ്സപ്പെടുത്തുന്നു |
| 20 | 3-12 | സാക്ഷരതാ മിഷന് നൽകിയ 22950/- രൂപയ്ക്ക് ചെലവ് രേഖയില്ല |
| 21 | 3-13 | എസ്.എസ്.എ.പദ്ധതി വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| 22 | 3-14 | കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയില്ല – റോഡുകളുടെ മുഴുവൻ നീളവും പുനരുദ്ധരിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നില്ല |
| ഭാഗം – 4 | | |
| 23 | 4-1 – 4-10 | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 24 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 25 | അനുബന്ധം.2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27/03/2017തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം താഴെപ്പറയും പ്രകാരം അംഗീകരിച്ചു.

| | പ്രതീക്ഷിച്ചത് |
|---|---|
| മുന്നിരിപ്പ് | 17016477 |
| വരവ് | 64485000 |
| ആകെ | 81501477 |

| | |
|---|---|
| ചെലവ് | 61066000 |
| നീക്കിയിരിപ്പ് | 20435477 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2017 | 25.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | നം.കെ.എസ്.എ.എൽ.പി-ജി.എ4-1126(31)/2018 തീയതി. 06.07.18 | വിശേഷണങ്ങളോട് കൂടിയത് |

ഓഡിറ്റ് സർട്ടിഫിക്കേഷൻ സമയത്ത് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല. ആയത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10556915 |
| വരവ് | 42220920 |
| ആകെ | 52777835 |
| ചെലവ് | 46078557 |
| നീക്കിയിരിപ്പ് | 6699278 |

## 1- 5 ഫണ്ട് വിനിയോഗം( A.C.R. പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 9728774 | 9728774 | 8203355 | 1525419 |
| വികസനഫണ്ട് - എസ്.സി.പി. | - | 5890401 | 5890401 | 5701288 | 189113 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 6148284 | 6148284 | 6084464 | 63820 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | - | 2866260 | 2866260 | 2092867 | 773393 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 4580424 | 4580424 | 3425332 | 1155092 |
| പെർഫോമൻസ് ഗ്രാന്റ് | - | 1420671 | 1420671 | 671713 | 748958 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ് ഫണ്ട്) | 7015407 | 620600 | 13221407 | 13031242 | 190165 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 36275 | 650000 | 686275 | 673694 | 12581 |
| എസ്.ബി.റ്റി. ദുരിതാശ്വാസനിധി | 2174 | 120 | 2294 | - | 2294 |
| എസ്.ബി.റ്റി (ശുചിത്വ മിഷൻ) | 1929627 | 1329987 | 3259614 | - | 3259614 |
| എസ്.സി.ബി (സാനിട്ടേഷൻ) | 373 | 1330331 | 1330704 | 95295 | 1235409 |
| എം.എൻ.ആർ.ഇ.ജി.എസ് | 120839 | 839533 | 960372 | 401225 | 559147 |
| ഡി.സി.ബി | 156969 | --- | 156969 | --- | 156969 |
| ബി.ഫണ്ട് | | 29880 | 29880 | 29880 | 0 |
| തനത് ഫണ്ട് എസ്. ബി.റ്റി. | 1239241 | 3902230 | 5141471 | 3932091 | 1209380 |
| ക്യാഷ് (തനത് ഫണ്ട്) | 56011 | 73770 | 129781 | 56011 | 73770 |

ക്രമ നം.1 മുതൽ 6 വരെയുള്ള ഗ്രാന്റുകളുടെ നീക്കിയിരുപ്പായി കാണിച്ചിട്ടുള്ള തുകകൾ തൻവർഷം ലാപ്സായിട്ടുള്ള താണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 159 | 46177578 | 128 | 30479123 | 10 | 31 | 67.96 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 120839 | 839533 | 960372 | 401225 | 559147 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | -- | 10823351 | 10823351 | 10823351 | 0 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 29880 | 51 |
| കർഷകതൊഴിലാളി പെൻഷൻ | 5719000 | 504 |
| വിധവാപെൻഷൻ | 6439900 | 599 |
| വാർദ്ധക്യകാലപെൻഷൻ | 14012500 | 1356 |
| വികലാംഗപെൻഷൻ | 2510500 | 243 |
| അവിവാഹിതപെൻഷൻ | 133800 | 14 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി/നം. |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.07.2018 | 06/2018 | 06/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.2016 | 2011-12 മുതൽ 2015-16 വരെ | 21.10.2016 |

## 1-10. ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ ഗൗരവമേറിയ അപാകതകൾ ഇല്ലെങ്കിലും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട താഴെ പറയുന്ന അപാകതകളിലേക്ക് ഭരണ സമിതി, ഉദ്യോഗസ്ഥർ എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്ന ചുവടെ പ്രതിപാദിക്കുന്ന അപാകതകൾ പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

എ). ബഡ്ജറ്റ് യഥാസമയം തയ്യാറാക്കുന്നുണ്ടെങ്കിലും, ആയത് യാഥാർത്ഥ്യ ബോധത്തോടെയുള്ളതല്ല എന്ന് പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിലുള്ള വ്യത്യാസം വെളിപ്പെടുത്തുന്നു.

| ബഡ്ജറ്റ് പ്രകാരം | | വാർഷിക ധനകാര്യപത്രിക പ്രകാരം | | വ്യത്യാസം | |
|---|---|---|---|---|---|
| വരവ് | ചെലവ് | വരവ് | ചെലവ് | വരവ് | ചെലവ് |
| 64485000 | 61066000 | 42220920 | 46078557 | 22264080 | 14987443 |

ബി) സാംഖ്യ രീതിയിൽ തയ്യാറാക്കുന്ന വരവ് ചെലവു തുകകളിന്മേൽ നൽകുന്ന ക്രമീകരണ ജേണൽ എൻട്രികളുടെ ആധികാരികത മേൽ ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടില്ല.

സി) ഓരോ സെക്ഷനുകളും സൂചിക മുഖേന കൈപ്പറ്റുന്ന തപാലുകൾ സേവനാവകാശ നിയമപ്രകാരമുള്ള കാലയളവിനുള്ളിൽ പൂർണ്ണമായും തീർപ്പാക്കാൻ കഴിഞ്ഞിട്ടില്ല (തൻപതിവേട് തയ്യാറാക്കുന്നതും സൂചികയിൽ ആണ്). എല്ലാ കറണ്ട് ഫയലുകൾക്കൊപ്പവും സെക്ഷനുകൾ നോട്ട് ഫയലുകൾ തയ്യാറാക്കുന്നുണ്ടെങ്കിലും മേൽ പരിശോധന നടത്തി നിർദ്ദേശങ്ങൾ നൽകുന്നതായി കാണുന്നില്ല.

ഡി) സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് 10.05.17 മുതൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സകർമ്മ നടത്തിപ്പ് സുഗമമാക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. (29.05.17 ലെ കമ്മറ്റി മിനിട്ടസ് മാന്വൽ ആയാണ് തയ്യാറാക്കിയിട്ടുള്ളത്). കമ്മിറ്റി യോഗം ചേർന്ന് 48 മണിക്കൂറിനുള്ളിൽ മിനിട്സ് ക്ലോസ് ചെയ്ത് ബന്ധപ്പെട്ടവർക്ക് തീരുമാനത്തിന്റെ പകർപ്പ് നൽകണമെന്ന ചട്ടത്തിലെ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. ഭരണസമിതി കൈകൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കുന്നതിലേക്കായി ഒരു വാച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സകർമ്മയിൽ നിന്നും തീരുമാന രജിസ്റ്റർ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഇ) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/ തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 1-11വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം - ഒരവലോകനം

വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേരുകയോ, പദ്ധതി രൂപീകരണത്തിലോ, നിർവ്വഹണത്തിലോ സജീവമായ പങ്കാളിത്തം വഹിക്കുകയോ ചെയ്തിട്ടുള്ളതായി വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രോജക്ടുകളായി പരിണമിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ കൺവീനറുടെ ഹാജർ നിർബന്ധമാണ്. എന്നാൽ യോഗങ്ങളിൽ മിക്കവയിലും കൺവീനറായ നിർവ്വഹണ ഉദ്യോഗസ്ഥർ പങ്കെടുക്കുന്നില്ല. പദ്ധതികളുടെ മോണിട്ടറിംഗും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നില്ല. മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പിരിവ് ഊർജ്ജിതമല്ല – കുടിശ്ശിക ലക്ഷങ്ങൾ

2017-18 സാമ്പത്തികവർഷാന്ത്യം വസ്തു നികുതി ഇനത്തിൽ 22.3 ലക്ഷം രൂപ കുടിശ്ശികയുണ്ടായിരുന്നു. യഥാർത്ഥ ഡിമാന്റിന്റെ 64% മാത്രമാണ് തൻവർഷം പിരിച്ചെടുക്കാനായത്. വസ്തുനികുതിയുടെ ആകെ ഡിമാന്റിന്റെ 36% തുക കുടിശികയായത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഓഡിറ്റ് തീയതിയിലും ടി തുകയുടെ 80% മാത്രമാണ് പിരിച്ചെടുക്കാൻ സാധിച്ചത്. പഞ്ചായത്തിന്റെ പ്രധാന വരുമാനമായ വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കി കുടിശ്ശിക കാലഹരണപ്പെട്ട് പോകാതെ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ഡി & ഒ ലൈസൻസ് ഫീസും തൊഴിൽനികുതിയും ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതൊരു സ്ഥാപനവും ഡി & ഒ ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) അനുശാസിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന റേഷൻ കടകളും കള്ളുഷാപ്പുകളും 2017-18 വർഷം ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ കൂടാതെയാണ് പ്രവർത്തിച്ചത്. പുലിയൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 11 റേഷൻ കടകളും ഏതാനും കള്ള് ഷാപ്പുകളും പ്രവർത്തിച്ച് വരുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് അർഹമായ വരുമാനം നഷ്ടപ്പെട്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) ടി സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ഡി &ഒ ഫീസും തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

## 2-3 ഡി & ഒ ഫീസ്, ഇൻസ്റ്റിറ്റ്യൂഷൻ ടാക്സ് ഇനങ്ങളിൽ ക്രമാനുഗതമായ കുറവ്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) പ്രകാരം തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും വ്യക്തികളും തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ പുലിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഡി & ഒ ഫീസ്, ഇൻസ്റ്റിറ്റ്യൂഷൻ ടാക്സ് എന്നീ ഇനങ്ങളിൽ മുൻവർഷങ്ങളിലേക്കാൾ ഗണ്യമായ തുക ഡിമാന്റിലും കളക്ഷനിലും കുറവ് വന്നിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2014-15 | 2015-16 | 2016-17 | 2017-18 |
|---|---|---|---|---|
| ഡി & ഒ ഫീസ് (ഡിമാന്റ്&കളക്ഷൻ) | 52000/- | 43480/- | 30400/- | 25850/- |
| ഇൻസ്റ്റിറ്റ്യൂഷൻ ടാക്സ് (ഡിമാന്റ്&കളക്ഷൻ) | ലഭ്യമല്ല | ലഭ്യമല്ല | 155140/- | 125650/- |

മേൽ വസ്തുതകളിൽ നിന്നും ലഭിക്കുന്ന കളക്ഷൻ തുകകൾ മാത്രം ഉൾപ്പെടുത്തി ഡിമാന്റ് കാണിക്കുകയും ഡി.സി.ബി തയ്യാറാക്കുകയുമാണ് പഞ്ചായത്ത് ചെയ്തിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി അവയിൽ നിന്നും കൃത്യമായി ഡി & ഒ ഫീസും തൊഴിൽ നികുതിയും ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 തൊഴിൽ നികുതി, സ്ഥാപനനികുതി, ലൈസൻസ് സംബന്ധമായ അപാകതകൾ

1.ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ധാരാളം സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടില്ല. അതിനാൽ ഇത്തരം സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി പഞ്ചായത്തിന് അർഹമായ തുക യഥാസമയം പിരിച്ചെടുക്കുവാൻ സാധിച്ചില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) വാർഡ് ക്ലർക്കുമാരുടെ അഭാവമാണ് കൃത്യമായ ലിസ്റ്റ് എടുക്കാൻ സാധിക്കാതിരുന്നതെന്നും ഭാവിയിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി ലഭിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്ക്കരിച്ച് പരമാവധി തുക പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ii)തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയില്ല.

(i)രാജവൽസം സുസുകി മോട്ടോഴ്സ് (I & II)

(ii)BRC (SSA)-ബ്ലോക്ക്പ്രോഗ്രാം ഓഫീസ് (II)

(iii)Mount Carmel School

(iv)എസ്.ബി.ഐ, പുലിയൂർ (ജീവനക്കാരുടെ തൊഴിൽ നികുതി)

ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-5 സ്ഥാപന നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മുൻ വർഷങ്ങളിൽ സ്ഥാപന നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും 2017-18വർഷം സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വാർഡ്/കെട്ടിട നമ്പർ | അർദ്ധവർഷം | നഷ്ടം |
|---|---|---|---|---|
| 1 | രേവതി ഫിനാൻസ് | VI/505D | I$^{st}$ & II$^{nd}$ Half | 2,500 |
| 2 | തോട്ടപ്പറമ്പിൽ ഫിനാൻസ് | VI/242 | I$^{st}$ & II$^{nd}$ Half | 2,500 |
| 3 | സമരിയ ഫിനാൻസ് | IV/57B | I$^{st}$ & II$^{nd}$ Half | 2,500 |
| 4 | ഡാനീസ് ഫിനാൻസ് | I/193 C | I$^{st}$ & II$^{nd}$ Half | 2,500 |
| 5 | മാത്യൂസ് ഫിനാൻസിയേഴ്സ് | XIII/212 | I$^{st}$ & II$^{nd}$ Half | 2,500 |
| 6 | ഡാനിസൺസ് ഫിനാൻസിയേഴ്സ് | X/242 | I$^{st}$ & II$^{nd}$ Half | 2,500 |
| 7 | പുലിയൂർ സർവീസ് സഹകരണബാങ്ക് നം.A109 | -- | I$^{st}$ & II$^{nd}$ Half | 2,500 |
| 8 | S.B.I പുലിയൂർ | -- | I$^{st}$ & II$^{nd}$ Half | 2,500 |
| | ആകെ | | | 20,000/- |

ടി നഷ്ടം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാത്തപക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന നികുതി ഈടാക്കാത്ത മുഴുവൻ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പരമാവധി സ്ഥാപനനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 വാടക സംബന്ധിച്ച് ബൈലോ പാസ്സാക്കിയിട്ടില്ല

പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ വാടകയിനത്തിൽ പരിപാടിയുടെ ദൈർഘ്യം, പാചകം ഉൾപ്പെടുന്ന പരിപാടികൾ, സംഘടനാ പരിപാടികൾ അനുസരിച്ച് യഥാക്രമം 5000/- രൂപയും 1000/- രൂപയും ഈടാക്കി വരുന്നു. എന്നാൽ വാടകയിനത്തിൽ ഒരു ബൈലോയോ കമ്മറ്റി തീരുമാനമോ നിലവിലില്ല. ബൈലോ ലഭ്യമാണോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12) നിലവിലില്ല എന്ന് മറുപടി

ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കമ്മറ്റി തീരുമാനം/ബൈലോ തയ്യാറാക്കി കമ്മ്യൂണിറ്റി ഹാൾ വാടക സംബന്ധിച്ച് വ്യവസ്ഥാപിത മാർഗ്ഗങ്ങൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് വർഷം രണ്ട് ജീവനക്കാരിൽ നിന്നും വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല. ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.9 തീ.06.10.2018) ടി ജീവനക്കാരിൽ നിന്നും കുറവ് വന്ന തൊഴിൽ നികുതിയും പലിശയും ഉൾപ്പെടെ 951/- രൂപ താഴെപ്പറയും പ്രകാരം ഈടാക്കുകയുണ്ടായി.

| പേരും തസ്തികയും | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ഈടാക്കിയ തുക |
|---|---|---|---|---|---|
| സാജിതാ ബീവി, JPHN, PHC | 161498/- (I$^{st}$ Half) | 1250/- | 1000/- | 250 | 285/- (രസീത് നം.118010101639 തീ.08.10.2018) |
| സിമി.എസ്, സി.ഡി.എസ് അക്കൗണ്ടന്റ് | 78000/- (13000x6) (I$^{st}$ & II Half) | 1500/- | 900/- | 600 | 666/- (രസീത് നം.118010101642 തീ.08.10.2018) |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇടവിള കൃഷി പ്രോത്സാഹനം - പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രോജക്ട് നമ്പർ : 39 /18

നിർവ്വഹണം :കൃഷി ഓഫീസർ
അടങ്കൽ :1,20,000/- (വികസന ഫണ്ട് ജനറൽ )
ബിൽ നം.4/17-18 തീയതി.16.11.17

ഇടവിള കൃഷി പ്രോത്സാഹനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 200 ഇടവിള കിറ്റുകൾ 183 ഗുണഭോക്താക്കൾക്കായി വിതരണം നടത്തിയിരുന്നു. പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

1. ചേന, ചേമ്പ്, കാച്ചിൽ എന്നിവ അടങ്ങിയ ഇടവിള കിറ്റ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. ഒരു യൂണിറ്റിനു 600/- രൂപ വില നിശ്ചയിച്ചിരുന്നു. പദ്ധതി രൂപീകരണ ഫോറത്തിൽ വിതരണം ചെയ്യുന്ന ഓരോ ഇനം വിത്തിന്റെയും അളവ് രേഖപ്പെടുത്തിയിരുന്നില്ല. കെയ്കോ ഹാജരാക്കിയ ഇൻവോയ്സിലും, സ്റ്റോക്ക് രജിസ്റ്ററിലും, വിതരണ രജിസ്റ്ററിലും വിതരണം നടത്തിയ വിത്തുകളുടെ തൂക്കം രേഖപ്പെടുത്തിയിട്ടില്ല. നടീൽ വസ്തുക്കളുടെ തൂക്കം രേഖപ്പെടുത്താതെ വില നിർണ്ണയിച്ചതും, വിതരണം നടത്തിയതും ക്രമ പ്രകാരമല്ല.

2. പല ഗുണഭോക്താക്കളും അപേക്ഷകളോടൊപ്പം ഹാജരാക്കിയിട്ടുള്ള, കൃഷി ഭൂമിയുടെ കരം ഒടുക്കിയ രശീതിൽ നിലം എന്നു രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത ഭൂമി ഇടവിള കൃഷിയ്ക്കു അനുയോജ്യമായ കര ഭൂമി ആണെന്നു ഫീൽഡ് പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൃഷി ഭൂമിയുടെ സർവ്വേ നമ്പർ |
|---|---|---|
| 1 | അനിതാ ഗോപാലകൃഷ്ണൻ,<br>പനയ്ക്കാത്തിൽ പുത്തൻ വീട്,വാർഡ് -13 | 104/6-2 |
| 2 | ഗോപാലകൃഷ്ണപിള്ള, കൃഷ്ണവിലാസം, വാർഡ് - 1 | 24/8, 24/9 |
| 3 | ജയമണി, മാണിക്കേത്ത്, വാർഡ്-6 | 99/7 |
| 4 | അന്ന ശാമുവൽ,കൊടിയൻതറയിൽ, വാർഡ് -13 | 40/23-1 |

മേൽ അപാകതൾക്ക വിശദീകരണം നൽകുന്നതിനുള്ള ഓഡിറ്റ് അന്വേഷണത്തിന (13/ 08-10-18) നൽകിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററിലെയും, ഇൻവോയ്സിലെയും ന്യൂനതകൾ പരിഹരിച്ചതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതിനാൽ ന്യൂനത പരിഹരിച്ചതായുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. നിലം എന്ന രേഖപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങൾ നിലവിൽ പുരയിടമാണെന്നും വരും വർഷങ്ങളിൽ അപേക്ഷകളിൽ ഇപ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുന്നതാണെന്നും ക്രമ നം. 2 നുള്ള മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. അപാകങ്ങൾ ഒഴിവാക്കി വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ആശ്രയാ പദ്ധതി - മുൻ വർഷങ്ങളിൽ സി.ഡി.എസിന് കൈമാറിയ 34.46 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ടു ഘട്ടങ്ങളിലുമായി 137 ഗുണഭോക്താക്കൾ നിലവിലുണ്ട്. 2007-08 മുതൽ 2014-15 വരെയുള്ള കാലയളവുകളിൽ 402846/- രൂപ ആശ്രയ പദ്ധതികൾക്കായി വികസന ഫണ്ടിൽ നിന്നും സി.ഡി.എസി - ന കൈമാറിയിട്ടുണ്ട്. ഇതിൽ 57000/- രൂപ മാത്രമാണ് ഗുണഭോക്താക്കൾക്കായുള്ള പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ളത്. ഇതിൽ സി.ഡി.എസി - ന്റെ അക്കൗണ്ടിൽ ചെലവഴിക്കാതെ 345846/- രൂപ അവശേഷിക്കുന്നു. പ്രസ്തുത തുക ഉൾപ്പെടുത്തി 2017-18 വർഷത്തിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഗുണഭോക്താക്കൾക്കു ആവശ്യമായ സേവനങ്ങൾ നൽകുന്നതിന വേണ്ടി ടി തുക വകയിരുത്തി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 പഠനമുറി - മാർഗ്ഗരേഖ നിബന്ധനകൾ പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

പ്രോജക്ട് നം. : 19/17

ചെലവഴിച്ച തുക : 600000/-

(ബിൽ നം. 17070252014300834511 തീയതി. 27.12.17

ബിൽ നം. 17070252014300980996 തീയതി. 06.02.18

ബിൽ നം. 17070252014301062734 തീയതി. 23.02.18

ബിൽ നം. 17070252014301159740 തീയതി. 13.03.18)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിനായി മേൽ ബിൽ നമ്പരുകൾ പ്രകാരം 6,00,000/-രൂപ പിൻവലിച്ച് 1,00,000/-രൂപാ വീതം 6 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ 22/2018 നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ നിലവിലുള്ള 800ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണ്. ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പഠനമുറി പൂർത്തിയാക്കിയതായി അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിലും ചെയ്ത പ്രവർത്തികളുടെ അളവുകൾ രേഖപ്പെടുത്താതെ, പ്രവൃത്തിയുടെ ആകെ മൂല്യം മാത്രം രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക സബ്സിഡി അനുവദിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്ന തിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.8/06-10-18) കെട്ടിടത്തിന്റെ വിസ്തീർണ്ണം നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നും വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തി വയ്ക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. പദ്ധതി നിർവ്വഹണത്തിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ കൂടി ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 അങ്കണവാടികളുടെ സ്ഥലം നിഷ്ക്രിയാസ്തിയായി തുടരുന്നു

ഗ്രാമപഞ്ചായത്തിൽ ആകെ 16 അങ്കണവാടികൾ ഉള്ളതിൽ 3 എണ്ണത്തിന് മാത്രമാണ് സ്ഥിരം കെട്ടിടങ്ങൾ ഉള്ളത്. വാടകക്കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന അങ്കണവാടികളാകട്ടെ പരിമിതികൾക്ക് നടുവിലും. രണ്ട് അങ്കണവാടികൾക്ക് 2012-13ൽ പഞ്ചായത്തിന് സ്ഥലം ലഭ്യമായിട്ടും നാളിതുവരെയും കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ഫണ്ട് ലഭ്യമാക്കി കെട്ടിടനിർമ്മാണം നടത്താനും കൂടുതൽ സ്ഥലം ലഭ്യമാക്കി, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെല്ലാം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിപ്പിക്കാനും ഉചിത നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ വീഴ്ച; 92.36 ലക്ഷം രൂപ അടങ്കൽ ഉള്ള 22 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അധികൃതർക്ക് കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടുകളുടെ എണ്ണം | | | ആകെ അടങ്കൽ | നടപ്പിലാക്കിയ പദ്ധതികൾ | | | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|---|
| | പുതിയത് | സ്പിൽ ഓവർ | ആകെ | | പുതിയത് | സ്പിൽ ഓവർ | ആകെ | | |
| 2017-18 | 47 | 35 | 82 | 22333270 | 29 | 31 | 60 | 13097378 | 58.64 |

92.36 ലക്ഷം രൂപ അടങ്കൽ ഉള്ള 22പ്രോജക്ടുകൾ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗ രേഖ പ്രകാരം [സ.ഉ.(എം.എസ്.)നമ്പർ 362/2013/തസ്വഭവ, തീ.16.11.13, ഖ: 11.13.(xii)(ഇ)] ഒരു സ്പിൽ ഓവർ പ്രോജക്ട് സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെച്ചതിനുശേഷം യഥാസമയം

പ്രവൃത്തി നടത്താതെ കരാർ ലംഘനം നടത്തിയ കരാറുകാർക്ക്/കൺവീനർമാർക്കെതിരെ പൊതുമരാമത്ത് വകുപ്പ് മാനവൽ പ്രകാരമുള്ള നടപടികൾ അധികൃതർ സ്വീകരിക്കുന്നില്ല.

പൊതുമരാമത്ത് മേഖലയിൽ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുകയും, അവയിൽ നല്ലൊരു ഭാഗം പ്രവൃത്തികളും പ്രോജക്ട് തയ്യാറാക്കിയ ശേഷം നടപ്പാക്കാത്തതിലൂടെ ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കുന്നതിനൊപ്പം തൻവർഷം ചെലവഴിക്കേണ്ട വൻതുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും ഇത് കാരണമാകുന്നു. കൂടാതെ ഷെഡ്യൂൾ നിരക്കുകളുടെ പരിഷ്കരണം കോസ്റ്റ് ഇൻഡക്സിൽ ഉണ്ടാകുന്ന വർദ്ധനവ് എന്നിവ മൂലം ഈ പ്രവൃത്തികൾ ഭാവിയിൽ നടപ്പിലാക്കുമ്പോൾ അധികതുക ചെലവാക്കേണ്ടി വരുമെന്നത് സ്ഥാപനത്തിന് സാമ്പത്തികനഷ്ടം ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ആവശ്യമായ ഇടപെടൽ ഉണ്ടാകേണ്ടതും പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഭരണവകുപ്പിന്റെ സത്വരശ്രദ്ധയും ഈ വിഷയത്തിൽ ഉണ്ടാവേണ്ടതാണ്.

## 3-6 ബാന്റ് സെറ്റ് ട്രൂപ്പുകൾക്ക് ഉപകരണം വാങ്ങൽ- മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് : ബാന്റ് സെറ്റ് ട്രൂപ്പുകൾക്ക് ഉപകരണം വാങ്ങൽ

പ്രോജക്ട് നം. : S0091/18

ചെലവഴിച്ച തുക : 147550/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ബാന്റ് സെറ്റ് ട്രൂപ്പുകൾക്ക് ഉപകരണം വാങ്ങൽ എന്ന പ്രോജക്ടിനായി വാദ്യോപകരണങ്ങൾ വാങ്ങി സെന്റ് ആൻസ് ബാന്റ് ട്രൂപ്പിന് നൽകിയതിന് 147550/-രൂപ (ബിൽ നമ്പർ 170252014301288360 തീ. 26.03.18) ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗ്രൂപ്പ് / സമിതി എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിയുന്ന പരിചയവും പ്രാവീണ്യവും പത്ത് മുതൽ പതിനഞ്ച് വരെ അംഗങ്ങളുമുള്ള ഗ്രൂപ്പുകൾക്കോ സമിതികൾക്കോ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. ഹാജരാക്കിയ രേഖകൾ, കമ്മറ്റി തീരുമാനം തുടങ്ങിയവ പരിശോധിച്ചതിൽ ടി ട്രൂപ്പിന് രജിസ്ട്രേഷൻ ഇല്ല എന്ന് കാണുന്നു. നിലവിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച മോണിട്ടറിംഗ് നടത്തിയതിന് രേഖയില്ല. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്ന തിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 10/06-10-18) ടി ഗ്രൂപ്പ് രജിസ്ട്രേഷന് അപേക്ഷിച്ചിട്ടുള്ളതാണെന്നും നിലവിൽ പ്രസ്തുത ട്രൂപ്പ് വളരെ നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും, മോണിട്ടറിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടും രജിസ്ട്രേഷൻ രേഖകളും ഹാജരാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. രേഖകൾ ഹാജരാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു. മേലിൽ പദ്ധതി നിർവ്വഹണത്തിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ കൂടി ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു

അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം എന്നിവ സംബന്ധിച്ച സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011 പ്രകാരം എല്ലാ വർഷവും മെയ്-10നകം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 16 അങ്കണവാടികളിൽ സ്വന്തമായി കെട്ടിടം ഉള്ള മൂന്നെണ്ണത്തിൽ മാത്രമേ 2017-18 ൽ എൽ. എസ്.ജി.ഡി വിഭാഗം പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളൂ. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 13 അങ്കണവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വവും ബലക്ഷയവും പരിശോധനാ വിധേയമാക്കാത്തത് ഉചിതമായ

നടപടിയല്ല. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 ക്ഷീര സംഗമം - രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് വൗച്ചർ നം. 21700777/ 02.03.18 പ്രകാരം 5000 രൂപ ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2017-18 വർഷം നടപ്പാക്കിയ ക്ഷീര സംഗമത്തിനായി നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (സാധാരണവും യാദൃശ്ചികവുമായ ചെലവുകൾ) ചട്ടം പ്രകാരം കന്നുകാലി പ്രദർശനങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അനുവദിക്കുന്നു എന്നാണ് നോട്ട് ഫയലിൽ കാണുന്നത്. ഇപ്രകാരം ചട്ടം നിലവിലുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ സാക്ഷ്യപത്രം, കമ്മറ്റിത്തീരുമാനം, തുക ബജറ്റിൽ വകയിരുത്തിയിട്ടുള്ളതിന്റെ രേഖകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയൊന്നും ഹാജരാക്കില്ല. മതിയായ രേഖകളുടെ അടിസ്ഥാനത്തിലും ചട്ടങ്ങൾ പാലിച്ചും മാത്രം തുക ചെലവഴിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 അസാധാരണ ചെലവുകൾക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണച്ചെലവുകൾ) ചട്ടങ്ങൾ 5, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 17.12.2015-ലെ 451/എഫ്.എം.2/15 സർക്കുലർ എന്നിവയിൽ അസാധാരണച്ചെലവുകൾക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരിധി കർശനമായി പാലിക്കണമെന്നും, ഇതിനായി പഞ്ചായത്തിന്റെ അസാധാരണച്ചെലവുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും, ഇതിൽ ചെലവഴിച്ച തുക, പഞ്ചാത്ത് കമ്മറ്റി തീരുമാന നമ്പർ, തീയതി (പഞ്ചായത്തിന്റെ മൊത്തം അംഗ സംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിൻതാങ്ങിയിട്ടുള്ള പ്രമേയത്തിന്റെയടിസ്ഥാനത്തിൽ), ആകെ തുക എന്നിവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ 2017-18 സാമ്പത്തിക വർഷം തുക ചെലവഴിച്ചതിന്റേയോ ആയതിന്റെ പരിധിയുടെ കൃത്യതയോ പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിഞ്ഞിട്ടില്ല. ടി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ഭവന പുനരുദ്ധാരണം (ജനറൽ)- രേഖകളുടെ അഭാവത്തിൽ നൽകിയ 975000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. :15/17-18

പ്രോജക്റ്റിന്റെ പേര് : വീട് പുനരുദ്ധാരണം (പട്ടികജാതി വിഭാഗം)

ചെലവ് : 16,50,000/-രൂപ

ബിൽ നം. : 04/17-18 / 24.01.2018

08 / 05.03.2018

വി.ഇ.ഒ നടപ്പാക്കിയ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഗുണഭോക്താവിന് 75000/-രൂപ നിരക്കിൽ 22 ഗുണഭോക്താക്കൾക്ക് 16,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളിൽ 13 പേർ പ്രവൃത്തി ചെയ്തതു സംബന്ധിച്ച മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇതിൽ 4 ഗുണഭോക്താക്കൾ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവയും ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/06.10.2018) വി. ഇ. ഒ നൽകിയ മറുപടിയിൽ ഗുണഭോക്താക്കളിൽ നിന്നും രേഖകളെല്ലാം വാങ്ങിയിരുന്നെന്നും, ആയത് സമർപ്പിച്ചുകൊള്ളാമെന്നും പറഞ്ഞിരിക്കുന്നു. എന്നാൽ നിലവിൽ രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ രേഖകളുടെ അഭാവത്തിൽ അനുവദിച്ച 9,75,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധമായ വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം. | ഹാജരാക്കിയിട്ടില്ലാത്ത രേഖകൾ |
|---|---|---|---|
| 1 | ചെല്ലമ്മ, കുറ്റിക്കാട്ട് പള്ളത്ത് | I | മൂല്യനിർണ്ണയ സാക്ഷ്യപത്രം |
| 2 | തങ്കമ്മ, പുതുവൽമോഡിയിൽ | IV | ,, |
| 3 | ശ്രീജിത്ത്, പൂവപ്പള്ളിൽ | II | ,, |
| 4 | രജനി, മുത്താന്നുഴത്തിൽ വീട്, നൂറ്റവൻപാറ | IV | ,, |
| 5 | സജ്ജുകുമാർ, പോങ്ങുനിൽക്കുന്നതിൽ, പെരിശ്ശേരി | V | ,, |
| 6 | കനകമ്മ.പി, പടിഞ്ഞാറ്റേതിൽ, പുലിയൂർ | VIII | ,, |
| 7 | തങ്കപ്പൻ, പൂന്തറയിൽ, പുലിയൂർ | XIII | ,, |
| 8 | കുഞ്ഞുപെണ്ണ്, തിങ്കളാമുറ്റം, അങ്ങാടിക്കൽ | VI | ,, |
| 9 | ഗീത, പ്ലാന്തറയിൽ, പെരിശ്ശേരി | VII | ,, |
| 10 | ഗോപിനാഥൻ.വി, ചെമ്പോലിമലയിൽ, പുലിയൂർ | IX | മൂല്യനിർണ്ണയ സാക്ഷ്യപത്രം, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് |
| 11 | മിനിമോൾ, ദിനുഭവനം, പെരിശ്ശേരി | II | മൂല്യനിർണ്ണയ സാക്ഷ്യപത്രം, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് |
| 12 | രാധാമണി, പറക്കോട്ടിൽ, പുലിയൂർ | VIII | മൂല്യനിർണ്ണയസാക്ഷ്യപത്രം, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| 13 | ബിന്ദു,ഓമനവിലാസം,ഇലഞ്ഞിമേൽ | XII | മൂല്യനിർണ്ണയസാക്ഷ്യപത്രം, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് |

## 3-11 ലൈഫ് മിഷൻ പദ്ധതി-രേഖകളുടെ അഭാവത്തിൽ അനുവദിച്ച 3,60,000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. : 17/2017-18

പ്രോജക്ടിന്റെ പേര് : ലൈഫ് മിഷൻ പദ്ധതിക്ക് ധനസഹായം

ചെലവ് : 3,60,000/-

ബിൽ നം. : 13/2017-18 / 23.02.2018

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 9 ഗുണഭോക്താക്കൾക്ക് 40,000/-രൂപ നിരക്കിൽ 3,60,000/-രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ ഇതിൽ 8 ഗുണഭോക്താക്കളിൽ നിന്നും ഏറ്റവും പ്രധാനപ്പെട്ട രേഖകൾ പോലും വാങ്ങാതെയാണ് അവരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും തുക നൽകിയിട്ടുള്ളതെന്നും കാണുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും | വാർഡ് നം. | ഹാജരാക്കിയിട്ടില്ലാത്ത രേഖകളുടെ വിശദാംശങ്ങളും മറ്റ് അപാകതകളും |
|---|---|---|---|
| 1 | ലക്ഷ്മി, പുതുവീട്ടിൽ, ഇലഞ്ഞിമേൽ | XI | കെട്ടിടത്തിന്റെ പ്ലാൻ ഹാജരാക്കിയിട്ടില്ല |
| 2 | മണിയമ്മ, രാജേഷ് ഭവനം, പുലിയൂർ | VIII | 37 സെന്റ് സ്ഥലം സ്വന്തമായുണ്ട്, NOC, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3 | വസുമതി, ആലംപള്ളിത്തറ, പാണ്ടവൻപാറ | IV | കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 4 | ഏലിയാമ്മ, വയലാറ്റുതറ, നൂറ്റവൻപാറ | IV | NOC, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 5 | പൊന്നമ്മ മാത്യു കുറ്റിമലകിഴക്കതിൽ, പുലിയൂർ | IX | കൈവശാവകാശ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 6 | രമേശൻ,കരിപ്പാലത്തറയിൽ, പുലിയൂർ | VIII | വസ്തുവിന്റെ കരം അടച്ച രസീതിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു, കെട്ടിടത്തിന്റെ പ്ലാൻ, കൈവശാവകാശ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 7 | മേരി, പുത്തൻവീട്ടിൽ, ഇലഞ്ഞിമേൽ, തോന്നക്കാട് | XI | NOC, കൈവശാവകാശ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, കെട്ടിടത്തിന്റെ പ്ലാൻ എന്നിവ ഹാജരാക്കിയിട്ടില്ല. |
| 8 | ശകുന്തള, പനക്കാണിൽ, പുലിയൂർ | XIII | കൈവശാവകാശ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല |

മേൽ പറഞ്ഞവരിൽ മണിയമ്മ, രാജേഷ് ഭവനം, പുലിയൂർ എന്ന ഗുണഭോക്താവിന് 37 സെന്റ് സ്ഥലം സ്വന്തമായുണ്ട്. 25 സെന്റിനുമേൽ ഭൂമിയുള്ളവർക്ക് ധനസഹായം നൽകാൻ പാടില്ലെന്ന ലൈഫ് പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണിത്. മറ്റൊരു ഗുണഭോക്താവായ രമേശൻ, കരിപ്പാലത്തറയിൽ, പുലിയൂർ ഹാജരാക്കിയിട്ടുള്ള രേഖകളിൽ ടിയാന്റെ സ്ഥലം നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത സ്ഥലം ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുമുണ്ട്. ടിയാന് കെട്ടിടം പണിയുവാനുള്ള അനുമതിപത്രം പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുമില്ല. കൂടാതെ പല ഫയലുകളിലും മുദ്രപ്പത്രത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയോ തുക കൈപ്പറ്റിയതിന്റെ രസീതുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/09.10.2018) വി.ഇ.ഒ നൽകിയിട്ടുള്ള മറുപടിയിൽ രേഖകൾ ഹാജരാക്കാമെന്നും അനർഹരായവർക്ക് നൽകിയിട്ടുള്ള അഡ്വാൻസ് തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം അനർഹരായവർക്കും രേഖകളുടെ അഭാവത്തിലും നൽകിയ 3,60,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 സാക്ഷരതാ മിഷന് നൽകിയ 22950/- രൂപയ്ക്ക് ചെലവ് രേഖയില്ല

പ്രോജക്ട് നം. :75/17-18

പ്രോജക്ടിന്റെ പേര് : സാക്ഷരതാ പ്രവർത്തനങ്ങളും തുല്യതാപ്രവർത്തനങ്ങൾക്ക് സഹായവും

ചെലവ് : 22950/-രൂപ

ബിൽ നം. : 02/17-18 / 24.02.2018

നിർവ്വഹണം : എച്ച്.എം, പുലിയൂർ എൽ.പി.എസ്.

മേൽ പദ്ധതി പ്രകാരം ജില്ലാ സാക്ഷരതാ മിഷന് 22950/- രൂപ നൽകിയിട്ടുണ്ട്. ഇതിന്റെ കൈപ്പറ്റ്

രസീത് ലഭിച്ചിട്ടില്ല. കൂടാതെ ഇനംതിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽരേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കായി നൽകിയ 22950/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 എസ്.എസ്.എ.പദ്ധതി വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

പ്രോജക്ട് നം. :71/17-18

പ്രോജക്ടിന്റെ പേര് : എസ്.എസ്.എ വിഹിതം

ചെലവ് : 3,00,000/-രൂപ

ബിൽ നം. : 01/17-18 / 08.11.2017 (1,00,000/ രൂപ)

03/ 17-18 / 05.03.2018 (2,00,000/- രൂപ)

നിർവ്വഹണം : എച്ച്.എം, പുലിയൂർ എൽ.പി.എസ്.

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 3,00,000/- രൂപ എസ്.എസ്.എ ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. അതിൽ ഒരു ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 2,00,000/- രൂപയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയില്ല – റോഡുകളുടെ മുഴുവൻ നീളവും പുനരുദ്ധരിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നില്ല

പുന:രുദ്ധാരണം ആവശ്യമായ റോഡുകളുടെ മുഴുവൻ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയ ഭാഗങ്ങളായി വിഭജിച്ച് പ്രോജക്ട് തയ്യാറാക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള കൂടുതൽ റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ഒരു റോഡു പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കഴിയുന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അപൂർണ്ണമായി തയ്യാറാക്കുന്ന രീതി അഭിലഷണീയമല്ല. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണമെന്നും കണക്ടിവിറ്റി പ്ലാനിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ റോഡുകൾ പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കണമെന്നുമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പഞ്ചായത്ത് പാലിച്ചില്ല. റോഡ് കണക്ടിവിറ്റി പദ്ധതി തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ഗതാഗത മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 4,00,000 | 4,00,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2,50,000 | 2,50,000 | ഇല്ല |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന്

മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | ലഭ്യമല്ല | 696757 | ഇല്ല | 696757 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4. വായ്പ/വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5. നിക്ഷേപങ്ങൾ

--ഇല്ല--

## 4-6. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിയ്ക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | - | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത | തുക ഈടാക്കിയതിലെ അപാകത സംബന്ധിച്ച് ബന്ധപ്പെട്ട വ്യക്തിക്ക് കത്ത് നൽകുകയും തുക ഒടുക്കുകയും ചെയ്തിട്ടുണ്ട് |
| 2014-15 | 2-2 | 2016-17 | - | കമ്മ്യൂണിറ്റി ഹാൾ വാടക കാലാനുസൃതമായി പരിഷ്കരിച്ചില്ല | -- |
| 2015-16 | 2-2 | 2016-17 | - | തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. രജിസ്റ്ററിൽ രസീത് പോസ്റ്റ് ചെയ്യുന്നില്ല | ബന്ധപ്പെട്ട വ്യക്തികൾക്ക് കത്ത് നൽകി തുക ഈടാക്കിയിട്ടുണ്ട്. |

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 42220920 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46078557 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1482550/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 147550/- | ബിന്ദു.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 9,75,000 | മഞ്ജു ജോർജ്, വി.ഇ.ഒ |
| 3-11 | 3,60,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിന്ദു.എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പുലിയൂർ | കോളഭാഗത്ത്, പൊന്നേഴ തെക്കേക്കര.പി.ഒ, മാവേലിക്കര |
| മഞ്ജു ജോർജ്,വി.ഇ.ഒ | വി.ഇ.ഒ, പുലിയൂർ | മേൽപള്ളത്ത് വീട്, നെട്ടവരംകോട് പി.ഒ, കോട്ടുകുളഞ്ഞി, ചെങ്ങന്നൂർ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ 8 1159/00/30.11.2000/08.02.2001 |
| 1997-98 | എൽ.എഫ്.ജി.എ5 1832/11 തീയതി 25.01.2012 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ 5 1832/11 തീയതി 30.01.2012 |

| | |
|---|---|
| 2003-04 | എൽ.എഫ്.ജി.എ 5 1832/11 തീയതി 30.01.2012 |
| 2004-05 | എൽ.എഫ്.ജി.എ 5 1577/13(B) തീയതി 21.05.2014 |
| 2005-06 | എൽ.എഫ്.ജി.എ 5 1577/13 തീയതി 20.05.2014 |
| 2006-07,2008-09 | എൽ.എഫ്.ജി.എ 5 1577/13 തീയതി 21.05.2014 |
| 2007-08 | എൽ.എഫ്.ജി.എ 5 1577/13 തീയതി 20.05.2014 |
| 2009-10 | എൽ.എഫ്.ജി.എ 5 1577/13 തീയതി 21.05.2014 |
| 2010-11,2011-12 | എൽ.എഫ്.ജി.പി 5 195/14 തീയതി 22.05.14/04.07.2014 |
| 2012-13 | എൽ.എഫ്.ജി.പി 5 201/15 തീയതി 04.08.2015 |
| 2013-14 | കെ.എസ്.എ.എ.എൽ.പി-പി5-199/2016 തീയതി 22.03.2016 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി12-821/2016 തീയതി 26.07.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി12-1265/2016 തീയതി 16/11/2016 |
| 2016-17 | കെഎസ്.എ.എ.എൽ.പി-പി12-1065/2017 തീയതി 19/08/2017 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം.1

നം. കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(31)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ - 688011,
ഫോൺ : 0477 2252753
email : ddhglfalpy@gmail.com
തീയതി : 06.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ